# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

കാലിക്കറ്റ് സർവ്വകലാശാലയുടെ പഠനവകുപ്പുകളിലേക്ക് പ്രവേശന പരീക്ഷ മുഖാന്തരം പ്രവേശനം നടത്തുന്ന (CUCAT 2023) പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ലെയ്റ്റ് രജിസ്ട്രേഷൻ ഓൺ ലൈനായി നടത്താനുള്ള സൗകര്യം 30.09.2023 ന് വൈകിട്ട് 4 മണി വരെ ലഭ്യമാണ്. പ്രവേശനം ഡിഗ്രി മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും.

വിജ്ഞാപന പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ളവർക്ക് പരമാവധി നാല് പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാം. അപേക്ഷാഫീസ്: ജനറൽ വിഭാഗത്തിന് 875/- രൂപ. എസ്.സി/എസ്.ടി. 550/- രൂപ. (എൽ.എൽ.എം. പ്രോഗ്രാമിന് ജനറൽ വിഭാഗത്തിന് 1085/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 665/- രൂപയുമാണ്). പ്രവേശന യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കുന്നവർ ഓരോ അധിക പ്രോഗ്രാമിനും 85/- രൂപ വീതം അപേക്ഷാ ഫീസിനോടൊപ്പം ഒന്നിച്ച് അടവാക്കണം.

പ്രോഗ്രാമുകളിലെ ഒഴിവ്, റിപ്പോർട്ട് ചെയ്യുന്നതിനുള്ള തിയ്യതി, സമയം എന്നീ വിവരങ്ങൾ അറിയുന്നതിനായി അതത് പഠനവകുപ്പുമായി ബന്ധപ്പെടേണ്ടതാണ്. സ്പോർട്സ്, ലക്ഷദ്വീപ്, ഓപ്പൺ ഓൾ ഇന്ത്യ ക്വോട്ട എന്നിവ ഒഴികെയുള്ള സംവരണ സീറ്റുകളിലേക്ക് അതാത് വിഭാഗങ്ങളിലെ അപേക്ഷകരുടെ അഭാവത്തിൽ മറ്റ് വിഭാഗക്കാരേയും പ്രവേശനത്തിനായി പരിഗണിക്കുന്നതാണ്.

വിശദവിവരങ്ങൾക്ക് www.admission.uoc.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഫോൺ : 0494 2407016, 2660600.

(ഒപ്പ്)

ഡയറക്ടർ

C.U. Campus
23.09.2023